THE CONTRARIAN CONSULTANT

ടിനി ഫിലിപ്പ്

സംഘടിത റീറ്റെയ്ൽ മേഖലയിലെ

രാജ്യത്ത് അതിവേഗം വളർച്ച നേടുന്ന, വൻ വളർച്ചാ സാധ്യതയുള്ള സംഘടിത റീറ്റെയ്ൽ മേഖലയിലെ അവസ

ഇന്ത്യയിൽ അടുത്ത കുതിച്ചുചാട്ടം പ്രതീക്ഷിക്കുന്ന മേഖല റീറ്റെയ്ൽ രംഗമാണെന്നതിന് എല്ലാ സൂചനകളുമുണ്ട്. രാജ്യത്തെ ഏറ്റവും വലിയ വ്യവസായ മേഖലയാണിത്. 2013ൽ 520 ബില്യൺ അമേരിക്കൻ ഡോളറായിരുന്നു ഈ മേഖലയുടെ വലുപ്പം. ജിഡിപിയുടെ 10 ശതമാനം വരുന്ന ഈ മേഖല രാജ്യത്തെ മൊത്തം തൊഴിലിന്റെ എട്ടുശതമാനവും സംഭാവന ചെയ്യുന്നു.

ഇന്ത്യയുടെ അനുകൂലമായ ജനസംഖ്യ കണക്കുകൾ പരിഗണിക്കുമ്പോൾ പ്രതിവർഷം 13 ശതമാനമെന്ന കണക്കിൽ റീറ്റെയ്ൽ രംഗം വളർച്ച നേടുമെന്നും 2018ൽ അത് 950 ബില്യൺ ഡോളറിലെത്തുമെന്നുമാണ് കണക്കാക്കപ്പെടുന്നത്. അങ്ങേയറ്റം ശിഥിലമായി കിടക്കുന്ന മേഖല കൂടിയാണിത്. സംഘടിത മേഖല ഇതിൽ വെറും 7.5 ശതമാനം മാത്രമാണ്. 2018ൽ സംഘടിത റീറ്റെയ്ൽ രംഗം 10 ശതമാനത്തിലെത്തുമെന്നും കരുതുന്നു.

മുൻപ്, ഞാൻ ഈ കോളത്തിൽ ഒരു കടയുള്ള റീറ്റെയ്ലറും റീറ്റെയ്ൽ ശൃംഖലയും തമ്മിലുള്ള പ്രധാന വ്യത്യാസങ്ങൾ പ്രതിപാദിച്ചിരുന്നു. ഒരു കടയുള്ള റീറ്റെയ്ലറേക്കാൾ ഒട്ടേറെ മെച്ചങ്ങൾ റീറ്റെയ്ൽ ശൃംഖലയുള്ളവർക്കുണ്ടെന്ന് അതിൽ ചൂണ്ടിക്കാട്ടുകയും ചെയ്തിരുന്നു.

ഒട്ടേറെ അനുകൂല ഘടകങ്ങൾ ഉണ്ടായിട്ടുപോലും രാജ്യത്തെ റീറ്റെയ്ൽ ശൃംഖലകളിൽ പലതും അടച്ചുപൂട്ടുന്നുമുണ്ട്. പ്രമോർട്ടർമാരുടെ പിന്തുണയില്ലാത്തതുകൊണ്ടാണ് ഇവയിൽ പലതും അടച്ചുപൂട്ടുന്നത്. കാരണം വൻ നഷ്ടമാണ് വർഷങ്ങളായി ഈ ശൃംഖലകൾ അതിന്റെ പ്രമോർട്ടർമാർക്ക് സമ്മാനിച്ചുകൊണ്ടിരിക്കുന്നത്.

എന്തുകൊണ്ടാണ് ഇത് സംഭവിക്കുന്നത്? വിശദമായി ഇക്കാര്യം മനസിലാക്കാൻ പിടിച്ചുനിൽക്കാൻ കഷ്ടപ്പെടുന്ന ഒരു റീറ്റെയ്ൽ ശൃംഖലയുടെയും വിജയകരമായ ഒരു റീറ്റെയ്ൽ ശൃംഖലയുടെയും പ്രവർത്തനത്തിലെ വ്യത്യാസം വിശകലനം ചെയ്യുകയാണ്. പിടിച്ചുനിൽക്കാൻ പെടാപ്പാടു പെടുന്ന റീറ്റെയ്ൽ ശൃംഖലയുടെ സ്ഥിതിയാണ് ചാർട്ട് 1 ൽ ഉള്ളത്. വിജയകരമായ റീറ്റെയ്ൽ ശൃംഖലയുടേത് ചാർട്ട് 2ലും.

Chart 1 – Struggling Retail Chain



Chart 1 – Struggling Retail Chain (Cont.)